പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ . 81

11.06.2012-ൽ മറുപടിക്ക്

## തോട്ടപ്പള്ളിയിലെയും പുന്നപ്രയിലെയും ഫിഷിംഗ് ഹാർബറുകൾ

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, മണ്ണടിഞ്ഞ് ബോട്ടുകൾക്ക് അടുക്കുവാൻ കഴിയാത്ത അവസ്ഥയിൽ ആയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡ്രഡ്ജ് ചെയ്ത് മണ്ണുമാറ്റുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഉൾപ്പെടെയുള്ള 7 ഫിഷിംഗ് ഹാർബറുകൾക്ക് മെയിന്റനൻസ് ഡ്രഡ്ജിംഗ് നടത്താനായി 1054 ലക്ഷം രൂപയ്ക്ക് കേന്ദ്രഗവൺമെന്റിന്റെ ഭരണാനുമതിലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് 1.06.2012-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ കേരള സർക്കാരിന്റെ ഭരണാനുമതിയുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കായി 52 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ വികസനത്തിനായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദി ച്ചിട്ടുണ്ടോ; വിശദാംശം നൽകമോ; | (ബി) | 1. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പെടുത്തി 870.125 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഹാർബറിന്റെ നിലവാരം ഉയർത്തുന്ന വികസന പ്രവൃത്തികൾക്കായി 265 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര |

| | | | |
|---|---|---|---|
| | | | സ്ഥാപനമായ NFDB ക്ക് (നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡ്) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | 2006-2011 കാലത്ത് ധനകാര്യമന്ത്രി പ്രഖ്യാപിച്ച പുന്നപ്രയിലെ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം ഏതുഘട്ടത്തിലായി എന്ന് വ്യക്തമാക്കമോ? | (സി) | പുന്നപ്ര ഫിഷിംഗ് ഹാർബർ പണിയുന്നതിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരികയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം Model Studies (മാതൃകാപഠനം)E1A Studies(പരിസ്ഥിതി പഠനം) എന്നിവ ഏർപ്പാടാക്കുന്നതും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമാണ്. |

S.O